I/177828/2024

**ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം**
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം,പിൻകോഡ് :-695033

LR/2465/2024-LR(E7)

**മെയിൽ ഐ ഡി** :- lrcommissioner@gmail.com
e-Office CRU ID :- cru.lrctvm@kerala.gov.in

**Date:07-03-2024**

**ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം**
**(ഹാജർ :Dr A KOWSIGAN IAS )**

വിഷയം :- ജീവനക്കാര്യം - വിഒ/എച്ച്സി/ആർഐ- സ്റ്റേഷൻ മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. ഈ കാര്യാലയത്തിൽ നിന്നുള്ള 23/06/2023 ലെ LR 471/2023 LR (E7) നമ്പർ നടപടിക്രമം
2.കൊല്ലം ജില്ലാ കളക്ടറുടെ 01/07/2023 ലെ DCKLM/794/2023 E1 നമ്പർ കത്ത്.
3. കൊല്ലം ജില്ലാ കളക്ടറുടെ 01/08/2023 ലെ DCKLM/121/2023 E1 നമ്പർ കത്ത്.
4. ശ്രീമതി. അഞ്ജനകുമാരിയുടെ അപേക്ഷ.
5. സർക്കാരിൽ നിന്നുള്ള 19/12/2023 ലെ ഡിഎ1/74/2023 നമ്പർ കത്ത്
6. ഈ കാര്യാലയത്തിൽ നിന്നുള്ള 04/03/2024 ലെ LR 224/2024 LR (E5) നമ്പർ നടപടിക്രമം.

പരാമർശം (1) ലെ വിഒ/എച്ച്സി/ആർഐ സ്ഥലംമാറ്റ ഉത്തരവിൽ ഉൾപ്പെട്ടിരുന്നതും എന്നാൽ കരുനാഗപ്പള്ളി സ്റ്റേഷനിൽ അധിക നിയമനം ആയെന്ന് സൂചന (2), (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നതും, ആയത് കാരണം നിലവിൽ കൊല്ലം സ്റ്റേഷനിൽ തുടരുന്നതുമായ ശ്രീമതി. അഞ്ജനകുമാരി.എൽ, കരുനാഗപ്പള്ളി സ്റ്റേഷനിൽ നിയമനം നൽകണമെന്ന് പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പരിഗണിച്ച് ടി സ്റ്റേഷനിൽ ആദ്യം ഉണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നതിന് ഉത്തരവായിരുന്നുവെങ്കിലും കരുനാഗപള്ളി സ്റ്റേഷനിൽ ഓപ്പൺ ഒഴിവ് നാളിതുവരെ ഉണ്ടായിട്ടില്ല. പരാമർശം (6) പ്രകാരം നിലവിൽ ഡിറ്റി/ജെഎസ് സ്ഥാനക്കയറ്റം മുഖേന കരുനാഗപ്പള്ളിയിൽ ഒഴിവുണ്ടായിട്ടുള്ളതാണ്.

പുനലൂർ സ്റ്റേഷനിൽ അഞ്ചൽ വില്ലേജ് ആഫീസറായി ജോലി ചെയ്തിരുന്ന ശ്രീ. രാഖേഷിനെ അച്ചടക്കനടപടിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ മറ്റേതെങ്കിലും സ്റ്റേഷനിൽ ജനസമ്പർക്കമില്ലാത്ത ഓഫീസിൽ നിയമിക്കണമെന്ന് പരാമർശം (5) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ശ്രീമതി. അഞ്ജനകുമാരി. എൽ- നെ കൊല്ലം സ്റ്റേഷനിൽ നിന്നും കരുനാഗപ്പള്ളി സ്റ്റേഷനിലേക്കും അപ്രകാരം കൊല്ലം സ്റ്റേഷനിൽ ഉണ്ടാകുന്ന ഒഴിവിൽ ശ്രീ. രാഖേഷിനെ സ്ഥലംമാറ്റി നിയമിച്ചും ഇതിനാൽ ഉത്തരവാകുന്നു. ശ്രീ. രാഖേഷിനെ കൊല്ലം സ്റ്റേഷനിലെ ജനസമ്പർക്കമില്ലാത്ത ഓഫീസിൽ നിയമിക്കുന്നതിന് ജില്ലാ കളക്ടർ നടപടി

സ്വീകരിക്കേണ്ടതാണ്.

ടി ജീവനക്കാർക്ക് നിയമനം നൽകിയും HRMS മോഡ്യൂളിൽ അപ്ഡേഷൻ നടത്തിയും ജില്ലാ കളക്ടർ വിവരം അറിയിക്കേണ്ടതാണ്.

**Signed by Dr A Kowsigan Ias**
**Date: 07-03-2024 10:44:19**

Dr A KOWSIGAN IAS, COMMISSIONER _ CLR, O/o Commissioner CLR

വ്യക്തികൾക്ക് ( കൊല്ലം ജില്ലാ കളക്ടർ മുഖേന)

പകർപ്പ് :

1. ജില്ലാ കളക്ടർ, കൊല്ലം
2. നോഡൽ ആഫീസർ, സ്റ്റേറ്റ് ഐ.ടി.സെൽ (ബന്ധപ്പെട്ട സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. കമ്മീഷണർ/ ജോയിന്റ് കമ്മീഷണർ സി.എ. മാർക്ക്
4. സീനിയർ സൂപ്രണ്ട് (എൽ.ആർ.ഡി സെക്ഷൻ)
5. അധിക / കരുതൽ ഫയൽ